കാർഷിക വികസന പദ്ധതികളിൽ ജനപങ്കാളിത്തം

132 (1187) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വികസന പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ ചില കൃഷി ഓഫീസർമാർ വിമുഖത കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനകീയാസൂത്രണ പദ്ധതികളിൽ കാർഷിക മേഖലയിലെ വികസന പരിപാടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിൽ ചില കൃഷി ഓഫീസർമാർ വീഴ്ചവരുത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഡി) ജനകീയാസൂത്രണ പരിപാടിയിലെ കാർഷിക വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി)

(സി) ഉദിക്കുന്നില്ല.

(ഡി) ആവശ്യമായ നടപടികൾ എടുക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളാണ്. കൃഷി വകുപ്പിന്റെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തും.

ഊർജ്ജിത പച്ചക്കറി കൃഷി

133 (1188) ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത പച്ചക്കറി കൃഷിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ എത്ര പച്ചക്കറി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ഘട്ടത്തിലും ഉല്പാദിപ്പിച്ച പച്ചക്കറിയുടെ അളവ് എത്രവീതം ;

(സി) ഓരോ ഘട്ടത്തിലും രൂപീകരിച്ച ഹരിത സംഘങ്ങളുടെ എണ്ണം എത്ര വീതം ;

LIBRARY ARCHIVES Kerala Legislative Assembly